കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല- പാറശ്ശാല വില്ലേജ് ബ്ലോക്ക് 50, റീ സർവേ 500/8-ൽപ്പെട്ട 50 സെന്റ് സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം വ്യവസായ പരിശീലന വകുപ്പിന് വിട്ടുനൽകുന്നതിന് പാറശ്ശാല ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1651/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 18-6-2012

---

പരാമർശം :-
1. സ.ഉ. (സാധാ) നം. 958/12/തസ്വഭവ തിയതി 30-3-12
2. പാറശ്ശാല ഗ്രാമ പഞ്ചായത്തിന്റെ 18-4-12 -ലെ V (3) നമ്പർ തീരുമാനം.
3. പാറശ്ശാല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 19-5-12-ലെ ബി 2210/11 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാറശ്ശാല വില്ലേജ് ബ്ലോക്ക് 50, റീ സർവേ 500/8-ൽപ്പെട്ട 50 (അൻപതി) സെന്റ് സ്ഥലം, അതിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തി വനിത ഐ.ടി.ഐ കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ പരിശീലന വകുപ്പിന് വിട്ടുനൽകുന്നതിന് പരാമർശം (1) പ്രകാരം പാറശ്ശാല ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും വ്യവസായ പരിശീലന വകുപ്പിന് വിട്ടുനൽകിയാൽ മാത്രമേ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ കഴിയുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം വ്യവസായ പരിശീലന വകുപ്പിന് കൈമാറുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും പരാമർശം (3) പ്രകാരം സർക്കാരിന്റെ അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനിത ഐ.ടി.ഐ കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുനൽകുന്നതിന് പാറശ്ശാല ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയ പാറശ്ശാല വില്ലേജ് ബ്ലോക്ക് 50, റീ സർവേ 500/8-ൽപ്പെട്ട 50 (അൻപതി) സെന്റ് സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം വ്യവസായ പരിശീലന വകുപ്പിന് വിട്ടുനൽകുന്നതിന് പാറശ്ശാല ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, എൻ.
എൻ.ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി, പാറശ്ശാല ഗ്രാമപഞ്ചായത്ത്, പാറശ്ശാല 695502
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡയറക്ടർ, വ്യവസായ പരിശീലന വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്- 30-3-12-ലെ G.O. (Rt) No. 958/12/LSGD നമ്പർ തീർപ്പ് ഫയലിൽ